(ഇ) 2011-12 മുതൽ 2014-15 വരെയുള്ള കാലയളവിൽ കടത്തിൽ 56767 കോടി രൂപയുടെ വർദ്ധനവുണ്ടായിട്ടുണ്ട്. അതായത് ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2011 വരെയുണ്ടായിരുന്ന കടബാദ്ധ്യതയായ 78673.24 കോടി രൂപയുമായി താരതമ്യം ചെയ്യുമ്പോൾ 72.16 ശതമാനം വർദ്ധനവാണ് ഉണ്ടായിട്ടുള്ളത്.

(എഫ്) അക്കൗണ്ടന്റ് ജനറലിന്റെ 2015 ജൂൺ മാസത്തെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ പൊതുകടം 121525.71 കോടി രൂപയായിരുന്നു.

(ജി) അക്കൗണ്ടന്റ് ജനറലിന്റെ 2015 ഒക്ടോബർ മാസത്തെ പ്രാഥമിക കണക്കുകൾ പ്രകാരം 31-10-2015 വരെ സംസ്ഥാനത്തിന്റെ പൊതുകടം 145152.77 കോടി രൂപയായിരുന്നു.

ഇന്റഗ്രേറ്റഡ് റവന്യൂ റെസീപ്റ്റ് മാനേജ്മെന്റ് സിസ്റ്റം

96 (1922) ഡോ. ടി. എം. തോമസ് ഐസക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇന്റഗ്രേറ്റഡ് റവന്യൂ റസീപ്റ്റ് മാനേജ്മെന്റ് സിസ്റ്റം (ഐ.ആർ.ആർ.എം.എസ്.) ആവിഷ്കരിച്ച് നടപ്പാക്കിയിട്ടുണ്ടോ ;

(ബി) ഏതെല്ലാം ബാങ്കുകളാണ് ഈ പദ്ധതിയുടെ ഭാഗമായിട്ടുള്ളത് ;

(സി) ഈ സിസ്റ്റം ഏതെല്ലാം വകുപ്പിൻകീഴിലാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളത് ;

(ഡി) 2011 മുതൽ ഇതുവരെയുള്ള ഓരോ വർഷവും ഓരോ വകുപ്പിനും ഈ സിസ്റ്റം മുഖേന എത്ര തുക വീതം ലഭ്യമായിട്ടുണ്ട് ; വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) സർക്കാരിന്റെ റവന്യൂ കളക്ഷൻ കൂടുതൽ സുതാര്യവും എളുപ്പവുമാക്കാൻ വേണ്ടി വാണിജ്യ നികുതി, എക്സൈസ്, രജിസ്ട്രേഷൻ എന്നീ വകുപ്പുകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കുമെന്ന് 2011-12 വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന ഇന്റഗ്രേറ്റഡ് റവന്യൂ റെസീപ്റ്റ്സ് മാനേജ്മെന്റ് സിസ്റ്റം പ്രസ്തുത വകുപ്പുകളിൽ നടപ്പിലാക്കിയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly